**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5622 — 02.11.2016 -ൽ മറുപടിക്ക്

## ഗ്രാമീണ മേഖലയിൽ ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അനൂപ് ജേക്കബ് | ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഗ്രാമീണ ടൂറിസം മേഖലയിൽ വികസനത്തിനു വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായാണ് ഗ്രാമീണ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ എന്നീ പ്രദേശങ്ങളിലെ ഗ്രാമീണ ടൂറിസം മേഖലയിൽ തദ്ദേശവാസികളുടെ സഹകരണത്തോടെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ വിനോദസഞ്ചാരികൾക്കായി നടത്തി വരുന്നു. |
| ബി) ഗ്രാമീണ ടൂറിസം പ്രവർത്തനങ്ങളിൽ അതാതു പഞ്ചായത്തുകൾക്കുള്ള പ്രാതിനിധ്യം എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് നടത്തി വരുന്നത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അവബോധന യോഗ |

ങ്ങൾ, കൃഷി, സൂക്ഷ്മസംരംഭ വികസനം, പരിശീലനങ്ങൾ തുടങ്ങിയവ പഞ്ചായത്തുമായി ചേർന്നാണ് നടപ്പിലാക്കി വരുന്നത്.

| | | | |
|---|---|---|---|
| സി) | ഗ്രാമപഞ്ചായത്തുകൾക്ക് ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ടൂറിസം വകുപ്പ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ